(4) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ : 5 യൂണിറ്റുകൾ

(5) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ : 3 യൂണിറ്റുകൾ

(6) കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, സീതാംഗോളി, കാസർഗോഡ് : 9 യൂണിറ്റുകൾ

ആകെ : 52 യൂണിറ്റുകൾ

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന 44718 ചെറുകിട വ്യവസായ യൂണിറ്റുകൾ കൂടി ആരംഭിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതലായി നൽകിയ അധികാരങ്ങൾ

7 [*128] ശ്രീ. ലൂഡി ലൂയിസ് :

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. സി. പി. മുഹമ്മദ് :

,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള യു. ഡി. എഫ്. ഗവൺമെന്റ് നിലവിൽ വന്ന ശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൂടുതലായി എന്തെല്ലാം അധികാരങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാലയളവിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെടുത്തു;

(സി) ഈ കാലഘട്ടത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തു ; അവയുടെ ചെലവ് എപ്രകാരമാണ് നിർവ്വഹിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള അധികാരവും ജില്ലാ ആസൂത്രണ സമിതികൾക്ക് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള അധികാരവും നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം വർദ്ധിപ്പിക്കാനും എസ്. എസ്. എ., എച്ച്. എസ്. എസ്. ഫണ്ട് വിനിയോഗിക്കുന്നതിന് പൂർണ്ണ അധികാരം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രാദേശികമായി പദ്ധതികൾ ആവിഷ്കരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് പദ്ധതി ഗ്രാന്റായി നൽകുന്നുണ്ട്. കൈമാറ്റം ചെയ്തതും തദ്ദേശ ഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ ആർജ്ജിച്ചതുമായ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഗ്രാന്റും പൊതു ആവശ്യങ്ങൾക്കായി ജനറൽ പർപ്പസ് ഗ്രാന്റും നൽകുന്നുണ്ട്. രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5 ശതമാനം തുക മെയിന്റനൻസ് ഗ്രാന്റായും 3.5 ശതമാനം തുക ജനറൽ പർപ്പസ് ഗ്രാന്റായും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയേതര ഗ്രാന്റുകളായി നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ അക്കൗണ്ട് റൂൾ നടപ്പാക്കി.

(സി) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾ, അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവ 3-1-2006-ലെ സ. ഉ (സാ) നം. 512/06/പൊ. വി. വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയിട്ടുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, നടത്തിപ്പ് എന്നിവയ്ക്കുള്ള ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ് എന്നീ നോൺ പ്ലാൻ ഗ്രാന്റുകളിൽ നിന്നും പുതുതായി ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് പ്ലാൻ ഗ്രാന്റിൽ നിന്നും ചെലവ് വഹിച്ചുവരുന്നു. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും ഇപ്പോഴും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് തന്നെയാണ് നൽകുന്നത്.

കയർ മേഖലയിൽ നടപ്പാക്കിയ ആധുനികവൽക്കരണം

8 [*89] ശ്രീ. കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് കയർ മേഖലയിൽ നടപ്പാക്കിയ ആധുനികവൽക്കരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കയർ കയറ്റുമതി രംഗത്തെ പുരോഗതി വിശദമാക്കാമോ;

(സി) കയർ മേഖലയുടെ സമഗ്രമായ പരിഷ്കരണത്തിന് എന്തൊക്ക പുതിയ പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കയർ മേഖലയിൽ നടപ്പാക്കിയ ആധുനികവൽക്കരണ പദ്ധതികളുടെ വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(ബി) കഴിഞ്ഞ 9 വർഷത്തെ ഇൻഡ്യയിൽ നിന്നുള്ള കയറ്റുമതി കണക്കുകൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. † കയർ പിത്തിന്റെ കയറ്റുമതി മുൻ വർഷങ്ങളേക്കാൾ ഗണ്യമായി വർദ്ധിച്ചതായി കാണാം. കയർ ഫൈബർ, കയർ പിത്ത്,

† അനുബന്ധം VI, VI (എ)

LIBRARY ARCHIVES Kerala Legislative Assembly